**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**<u>കുറ്റാന്വേഷണവും ക്രമസമാധാന പാലനവും</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4253 17/05/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പോലീസിൽ കുറ്റാന്വേഷണവും ക്രമസമാധാന പാലനവും വേർതിരിക്കേണ്ട സമയം അതിക്രമിച്ചെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിലെങ്കിലും യഥാർത്ഥത്തിൽ കുറ്റാന്വേഷണവും ക്രമസമാധാന പാലനവും ഫലപ്രദമായ രീതിയിൽ വിഭജിച്ച് നടപ്പിൽ വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് (ശ്രീ.ടി.എൽ.മോഹനൻ ഫയൽ ചെയ്ത Crl.MC-4188/15) 11.09.2015 തീയതിയിൽ ഈ വിഷയത്തെ സംബന്ധിച്ച് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പോലീസിന്റെ കാര്യക്ഷമതയും കുറ്റാന്വേഷണമികവും ക്രമസമാധാന പാലനവും മെച്ചപ്പെടുത്താൻ കോടതികൾ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാമോ; കുറ്റാന്വേഷണ മേഖലയിൽ മാറ്റമുണ്ടാകാത്തതിൽ കോടതി അതൃപ്തി പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബഹു. സുപ്രീം കോടതി Prakash Singh Vs Union of India എന്ന കേസ്സിലെ വിധിന്യായത്തിൽ ഇത് സംബന്ധമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | ക്രമസമാധാനവും, കുറ്റാന്വേഷണവും വേർതിരിക്കണമെന്നത് ബഹു. സുപ്രീം കോടതിയുടെ ഉത്തരവിലെ നിർദ്ദേശങ്ങളിൽപ്പെട്ടതും അതുപോലെ ജസ്റ്റിസ് കെ.ടി.തോമസ് കമ്മീഷൻ ശിപാർശകളിൽ പ്രധാനപ്പെട്ടതുമാണ്. അപ്രകാരം വേർതിരിക്കുമ്പോൾ ഓരോ വിഭാഗത്തിനും നേതൃത്വം നൽകാൻ പോലീസ് സബ് ഇൻസ്പെക്ടർമാരേയും രണ്ട് വിഭാഗങ്ങളുടേയും മേൽനോട്ടം വഹിക്കുവാൻ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാരെയും നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ